**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഡാമുകളുടെ സുരക്ഷാ പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധനകൾ നടത്തിയിട്ടുണ്ടോ; കാലാവസ്ഥാ വ്യതിയാനങ്ങൾ അനുസരിച്ച് സുരക്ഷാ ഭീഷണി ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തെ ഡാമുകളുടെ സുരക്ഷാ പരിശോധനകൾ കാലവർഷത്തിനു മുൻപും കാലവർഷത്തിന് ശേഷവും നടത്തി വരുന്നു. കൂടാതെ കേന്ദ്ര ജലകമ്മീഷന്റെ (CWC) മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള പരിശോധനയിൽ ഡാമിന്റെ എല്ലാ ഘടകങ്ങളിലെയും നിലവിലെ സ്ഥിതി പരിശോധിച്ച് CWC നിഷ്കർഷിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കുന്നുണ്ട്.<br><br>പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ ഉൾപ്പെടുന്ന പറമ്പിക്കുളം, തുണക്കടവ്, പെരുവാരിപ്പള്ളം എന്നീ ഡാമുകളുടെ കാലാകാലങ്ങളിലുള്ള സുരക്ഷാ പരിശോധന നടത്തുന്നത് തമിഴ്‌നാട് ജലവിഭവ വകുപ്പാണ്. ബഹു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച സൂപ്പർവൈസറി കമ്മിറ്റി മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷാ പരിശോധന കാലാകാലങ്ങളിൽ നടത്തുകയും അവലോകന യോഗങ്ങൾ കൂടുകയും ചെയ്യുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സമിതി ഡാമിന്റെ പരിരക്ഷണ ചുമതലയുള്ള തമിഴ്‌നാട് ജലവിഭവവകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.<br><br>ഡാം സേഫ്റ്റി ആക്ട് -2021 പ്രകാരം നിലവിൽ വന്ന കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗ്ഗനൈസേഷൻ സംസ്ഥാനത്തിനകത്തെ 61 നിർദ്ദിഷ്ട അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന നടത്തിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനങ്ങൾക്ക് അനുസരിച്ച് സുരക്ഷാ ഭീഷണി ഉള്ളതായി ഡാം ഓണേഴ്സിൽ നിന്നും വിവരം ലഭിച്ചിട്ടില്ല. |
| (ബി) | സംസ്ഥാനത്തെ എല്ലാ ഡാമുകളുടെയും ബലം, ജല | (ബി) | കേന്ദ്രനിയമമായ ഡാം സുരക്ഷാ നിയമം 2021 |

| | | | |
|---|---|---|---|
| | സംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പരിശോധനകൾ നടത്തുമോ; ഇതിനായി പ്രത്യേക സംഘത്തെ നിയോഗിക്കുമോ; വ്യക്തമാക്കാമോ; | | പ്രകാരം രൂപീകൃതമായ സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ (SDSO), ഡാം സുരക്ഷാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം എല്ലാ ഡാമുകളുടെയും ബലം, ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് ശാസ്ത്രീയ പരിശോധനകൾ നടത്തി വരുന്നുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ ഡാമുകളുടേയും ബലം, ജലസംഭരണം, സാങ്കേതിക സംവിധാനങ്ങൾ എന്നിവ പരിശോധിക്കുന്നതിനായുള്ള Comprehensive Dam Safety Evaluation Panel രൂപീകരിക്കുന്നതിനായുള്ള നിർദ്ദേശം കേരള സ്റ്റേറ്റ് ഡാം സേഫ്റ്റി ഓർഗനൈസേഷൻ ഡാമിന്റെ ചുമതലയുള്ള വകുപ്പുകൾക്ക് (KWRD, KSEBL, KWA) നൽകിയിട്ടുണ്ട്. ഇത് കൂടാതെ ഡാമുകളുടെ കാലവർഷത്തിന് മുൻപും പിൻപുമുള്ള (Pre and Post Monsoon) പരിശോധനകൾ ഡാമിന്റെ മേൽനോട്ടം വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു.<br><br>DRIP Phase-II പദ്ധതിയിൽ ഉൾപ്പെട്ട ഡാമുകളുടെ നവീകരണത്തിനായി നിയോഗിക്കപ്പെട്ട Dam Safety Review Panel (DSRP) ഓരോ വിഷയത്തിലും വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഡാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | കാലവർഷം ആരംഭിക്കുന്നതിനുമുൻപേ ഡാമുകളിലെ ജലനിരപ്പ് കുറയ്ക്കുന്നതിനും ജനങ്ങളുടെ ആശങ്ക അകറ്റുന്നതിനും നടപടി സ്വീകരിക്കുമോ; ഇതിനായി എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുമോ? | (സി) | കാലവർഷം ആരംഭിക്കുന്നതിന് മുൻപ് ഡാമുകൾ പരിശോധിച്ച് സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അതത് Dam Owners-ന് State Dam Safety Organization നിർദ്ദേശം നൽകുന്നുണ്ട്. കൂടാതെ 200 ദശലക്ഷം ഘനമീറ്റർ സംഭരണ ശേഷിക്ക് മുകളിലുള്ള ജലസംഭരണികളിലെ ജലനിരപ്പുകൾ റൂൾ കർവുകളുടെ അടിസ്ഥാനത്തിൽ നിയന്ത്രിച്ച് വരുന്നു. സംസ്ഥാനത്തിനുള്ളിലെ 61 നിർദ്ദിഷ്ട ഡാമുകളിൽ 53 ഡാമുകളുടെയും Emergency Action Plan പ്രസിദ്ധീകരിക്കുകയും 8 ഡാമുകളുടെ Emergency Action Plan പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നു വരികയും ചെയ്യുന്നു. മറ്റ് ചെറുകിട ജലസംഭരണികളിൽ പ്രളയ സാധ്യത മുൻനിർത്തി ജലനിരപ്പ് ക്രമീകരിക്കുന്നതിനായി Blue, Orange, Red എന്നീ മൂന്ന് തരത്തിലായി അലേർട്ട് ലെവൽ നിശ്ചയിച്ചിട്ടുണ്ട്. ആയത് പാലിച്ച് കൊണ്ട് മൺസൂൺ കാലാവസ്ഥയിൽ മഴയുടെ മുന്നറിയിപ്പും |

ഡാമുകളിലെ നീരൊഴുക്കും കൃത്യമായി നിരീക്ഷിച്ച് Operation and Maintenance Manual നിർദ്ദേശങ്ങൾ പാലിച്ച് ജില്ലാ ഭരണകൂടത്തിന്റെ മുന്നറിയിപ്പുകൾ നൽകിയ ശേഷം സ്പിൽവേ ഷട്ടറുകൾ ആവശ്യാനുസരണം പ്രവർത്തിപ്പിച്ച് ജലനിരപ്പ് ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത് .

പറമ്പിക്കുളം ഡാമിന്റെ റൂൾകർവ് രൂപപ്പെടുത്തണമെന്ന് കേരളം ഡാമിന്റെ മേൽനോട്ടവും പരിപാലനവും നടത്തുന്ന തമിഴ്നാട് ജലവിഭവ വകുപ്പിനോട് ആവശ്യപ്പെടുകയും നടപടികൾ വേഗത്തിലാക്കി കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾകർവ്വ് എത്രയും വേഗത്തിൽ കേരളത്തിന് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും, തമിഴ്നാട് ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തിന്റെ നിരന്തരമുള്ള ആവശ്യപ്രകാരം മുല്ലപ്പെരിയാറിൽ തമിഴ്നാട് Rule Curve രൂപപ്പെടുത്തുകയും വർഷകാലങ്ങളിൽ അതു പ്രകാരം അണക്കെട്ടിൽ ജലനിരപ്പ് ക്രമീകരിച്ച് പോരുകയും ചെയ്യുന്നു. ബഹു. സുപ്രീം കോടതി വിധി പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിൽ സംഭരിക്കാവുന്ന ജലത്തിന്റെ പരമാവധി നിരപ്പ് 142 അടിയായതിനാൽ Rule Curve-ും അതിനനുസൃതമായാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

പറമ്പിക്കുളം ആളിയാർ പദ്ധതിയിൽ ഉൾപ്പെട്ട അന്തർ സംസ്ഥാന ഡാമുകൾ ആളിയാർ, തിരുമൂർത്തി, തമിഴ്നാട് ഷോളയാർ ഡാമുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ, നിലവിൽ കേന്ദ്ര ജലകമ്മീഷൻ തയ്യാറാക്കിയ Flood Inundation Map അടിസ്ഥാനത്തിൽ തമിഴ്നാട് സംസ്ഥാന അതിർത്തി വരെ മാത്രമാണ് തമിഴ്നാട് ജലവിഭവ വകുപ്പ് തയ്യാറാക്കിയിട്ടുള്ളത്. Flood Inundation Map തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായി മേൽ സൂചിപ്പിച്ച ഡാമുകളുടെ Flood Inundation Map തയ്യാറാക്കി നൽകണമെന്ന് കേരളം കേന്ദ്ര ജലകമ്മീഷനോട് നിലവിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/ വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകികൊണ്ട് എത്രയും പെട്ടന്ന് എമർജൻസി

| | | | |
|---|---|---|---|
| | | | ആക്ഷൻ പ്ലാൻ പരിഷ്കരിക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്.<br><br>നിലവിൽ പറമ്പിക്കുളം ആളിയാർ കരാർ ഷെഡ്യൂൾ IV ഖണ്ഡിക 1 പ്രകാരം നിർദ്ദേശിക്കപ്പെട്ടതും ഡാമുകളുടെ സ്പിൽവേ ഉയർത്തുമ്പോൾ പാലിക്കേണ്ടതായ നിയമാവലി ഉൾപ്പെടുത്തിയ Standard Operating Procedure-ലെ നടപടിക്രമവും പാലിച്ചാണ് മേൽ സൂചിപ്പിച്ച ഡാമുകളിൽ പ്രളയ നിയന്ത്രണം സാധ്യമാക്കുന്നത്.<br><br>പറമ്പിക്കുളം ആളിയാർ ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/ വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകികൊണ്ട് പറമ്പിക്കുളം ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്.<br><br>മുല്ലപ്പെരിയാർ ഡാമിന്റെ Upstream portion-ന്റെ എമർജൻസി ആക്ഷൻ പ്ലാൻ (EAP) 2022 മെയ്-ൽ തമിഴ്നാട് ജലവിഭവ വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. 2018 പ്രളയത്തിന്റെ അനുഭവത്തിലും അടിസ്ഥാനത്തിലും മുല്ലപ്പെരിയാർ ഡാമിന്റെ Flood Inundation Map പരിഷ്കരിച്ച് നൽകണമെന്ന് കേരളം കേന്ദ്ര ജലകമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പ്രസ്തുത പ്രവൃത്തികൾ കേന്ദ്ര ജലകമ്മീഷനിൽ പുരോഗമിച്ചു വരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര ജലകമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായുള്ള വിവരങ്ങൾ/ വസ്തുതകൾ തമിഴ്നാട് ജലവിഭവ വകുപ്പിന് നൽകികൊണ്ട് മുല്ലപ്പെരിയാർ ഡാമിന്റെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് കേരളം ഉദ്ദേശിക്കുന്നത്. ആയതു പതിനേഴാം സൂപ്പർവൈസറി കമ്മിറ്റിയിൽ ചർച്ച ചെയ്തു തീരുമാനിക്കാമെന്ന് സൂപ്പർവൈസറി കമ്മിറ്റി ചെയർമാൻ അറിയിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ